കർമ്മങ്ങളും രോഗങ്ങളും

സ്വാമി ശിവാനന്ദസരസ്വതി

വിവിധ കർമ്മങ്ങൾ ചെയ്യുന്നവർക്ക് ഇഹലോകത്തിലും അടുത്ത ജന്മത്തിലും അനുഭവിക്കേണ്ടി വരുന്ന രോഗബാധകളെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ വിവരിച്ചു. തീർന്നില്ല, ആയതിന്റെ ബാക്കി ഈ ലക്കത്തിൽ വിവരിക്കുന്നു.

കർമ്മങ്ങൾ: ചെവികേൾക്കാൻ കഴിഞ്ഞ മൃഗങ്ങളുടെ വെള്ളവും ഭക്ഷണവും നശിപ്പിക്കുക, നിരപരാധികളായ മൃഗങ്ങളെ മർദ്ധിക്കുക, പശു, കാള തുടങ്ങിയവരെ ക്രൂരമായി ഉപദ്രവിക്കുക എന്നിവ ചെയ്യുന്നവർ–

കർമ്മഫലം: അവർക്ക് പുഴുപ്പല്ല് പല്ലിൽ ദന്തപൂയസ്രാവം, മോണപഴുപ്പ് എന്നീ രോഗങ്ങൾ ബാധിക്കും. തൊണ്ടയിൽ വ്രണമുണ്ടായി ജലമിറക്കാൻ കഴിയാതെവരും,

കർമ്മങ്ങൾ: തടവിൽക്കിടക്കുന്നവരെ ഉപദ്രവിക്കുക കൊല്ലുക തുടങ്ങിയവ ചെയ്യുന്നവർക്ക്

ഫലം: കാലുകൾക്ക് സ്വാധീനമില്ലാതെ മുടന്തന്മാരായി ജനിക്കും. ജീവിതകാലം മുഴുവൻ പലവിധ പീഡനങ്ങൾക്കു വിധേയനായിരിക്കും.

കർമ്മം: ആധ്യാത്മികഗ്രന്ഥങ്ങൾ, വിശുദ്ധഗ്രന്ഥങ്ങൾ എന്നിവ കത്തിച്ചുകളയുകയോ വലിച്ചു കീറി നശിപ്പിക്കുകയോ ചെയ്യുക.

ഫലം: ഗാസ്ട്രിക് അൾസർ, ക്യാൻസർ എന്നിവ പിടികൂടും.

കർമ്മം: ദൈവദൂഷണം പറയുക, ദൈവത്തെ നിന്ദിച്ചു സംസാരിക്കുക, സിദ്ധന്മാരെയും സന്യാസിമാരെയും ശകാരിക്കുക, നീചവാക്കുകൾ പറയുക, പുരാണേതിഹാസങ്ങളെ നിന്ദിക്കുക.

ഫലം : നാക്കിൽ ക്യാൻസർ ബാധിക്കും. ബധിരന്മാരായിത്തീരും.

കർമ്മം: പുണുലിട്ട ബ്രാഹ്മണൻ തന്റെ പുണുനൂൽ ഊരിക്കളയുക, കുടുമവയ്ക്കാതിരിക്കുക, സന്ധ്യാവന്ദനം ചെയ്യാതിരിക്കുക.

ഫലം: അടുത്തജന്മം ഷണ്ഡനായിരിക്കും. മാലിന്യകൂമ്പാരത്തിൽ കഴിയേണ്ടതായി വരും.

കർമ്മം: തൊഴിലാളികളെ ഭീഷണിപ്പെടുത്തിയോ നിർബന്ധിച്ചോ പണിയെടുപ്പിക്കുന്ന മുതലാളിമാർ.

ഫലം: അവർക്ക് ആസ്മ ബാധിച്ച് കഷ്ടപ്പെടും. ശ്വാസം മുട്ടലുണ്ടായി വീർപ്പുമുട്ടും. ബ്രയിൻട്യൂമറുണ്ടായി അസഹ്യമായ വേദന അനുഭവിക്കും. കൂടാതെ രക്തവാതം, വാതകോപം, സന്ധിവാതം, നടുവേദന തുടങ്ങിയ രോഗങ്ങൾക്കൊണ്ട് കഷ്ടതയനുഭവിക്കും.

കർമ്മം: മാതാപിതാക്കളെ അനുസരിക്കാത്ത പുത്രന്മാർ, മാതാപിതാക്കൾക്കെതിരെ കേസുകൊടുത്തു അവരെ കോടതികേറ്റുന്ന പുത്രന്മാർ.

ഫലം: അവർക്ക് നേത്രരോഗം ബാധിച്ച് കാഴ്ച നഷ്ടപ്പടും.

കർമ്മം: തെറ്റായ പ്രഭാഷണങ്ങൾ നടത്തി നടക്കാത്ത വാഗ്ദാനങ്ങൾ നൽകി ജനക്കൂട്ടത്തെ കൈയിലെടുക്കുന്ന നേതാക്കൾ.

ഫലം: അവർക്ക് കഠിനമായ അതിസാരം, ബുദ്ധിമാന്ദ്യം എന്നിവയുണ്ടാകും. കുടൽരോഗങ്ങൾ പിടികൂടുന്നതോടൊപ്പം പോഷകാഹാരക്കുറവുണ്ടാകും. വിളർച്ച ബാധിക്കും.

കർമ്മം: അഴുകിയതും ഉപയോഗശൂന്യവുമായ പച്ചക്കറികൾ, പഴങ്ങൾ, കേടായ ഗോതമ്പ്, അരി തുടങ്ങിയവ മായം ചേർത്തും പോളിഷ് ചെയ്തും നല്ലതാണെന്നു വരുത്തി വില്പന നടത്തുന്നവർ.

ഫലം: കഷണ്ടി ബാധിക്കും. നേത്രരോഗമുണ്ടായി കാഴ്ച നഷ്ടപ്പെടും. ദന്തരോഗങ്ങളുണ്ടാകും. കാറ്ററാക്ട് ബാധിക്കും.

കർമ്മം: ലാഭക്കൊതിയന്മാരായി ബ്ലാക്ക് മാർക്കറ്റ് നടത്തുന്നവർ.

ഫലം: അസഹ്യമായ അമിതവണ്ണം, മന്തുരോഗം, കുടൽവ്രണം എന്നിവ ബാധിച്ച് ദുരിതമനുഭവിക്കും.

കർമ്മം: ഏഷണി പറയുന്നവർ, കള്ളക്കഥകൾ പ്രചരിപ്പിക്കുന്നവർ, ക്രൂരസ്വഭാവമുള്ള മനുഷ്യർ ഇവർക്ക്

ഫലം: തലയിലും ഭുജങ്ങളിലും വലിയ കുരുക്കൾ ഉണ്ടാകും. ആന്തരികാവയവങ്ങളിൽ വ്രണമുണ്ടാകും. മുതുകിൽ പുഴുകടി ബാധിക്കും.

കർമ്മം: കീഴ്ജീവനക്കാരെ അടിച്ചമർത്തുന്ന ഓഫീസർമാർ, അവരെക്കൊണ്ട് നിയമവിരുദ്ധമായ പ്രവൃത്തികൾ ചെയ്യിക്കൽ അവരിൽ അനാവശ്യമായി കുറ്റങ്ങൾ ചുമത്തി ഉപദ്രവിക്കുന്നവർ.

ഫലം: കഠിനമായ വിട്ടുമാറാത്ത തലവേദന, കടുത്ത രക്തസമ്മർദ്ദത്തിനിരയാകും, ബോധക്ഷയം വരും.

കർമ്മം: ഭാര്യയെ തല്ലുന്ന ഭർത്താക്കന്മാർ. കാര്യം മനസ്സിലാക്കാതെ മക്കളെ തല്ലുന്ന അച്ഛനമ്മമാർ.

ഫലം: നിരന്തരമായ നെഞ്ചുവേദന, കടുത്ത പല്ലുവേദന തുടങ്ങിയവ കൊണ്ടു കഷ്ടപ്പെടും.

കർമ്മം; ജോലിചെയ്യുന്നതായി അഭിനയിക്കുന്ന ഭൃത്യന്മാർ, ആത്മാർത്ഥതയില്ലാതെ യജമാനന്മാർക്ക് നഷ്ടമുണ്ടാക്കുന്ന ജോലിക്കാർക്ക്.

ഫലം: തളർവാതം, മുട്ടുവിറയ്ക്കൽ, നിരന്തരമായ ഹൃദയം വിറയ്ക്കൽ എന്നിവയുണ്ടാകും.

കർമ്മം: വിശുദ്ധസ്ഥലങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും പുരോഹിതന്മാരാണെന്ന് അഭിനയിച്ച് ദൈവത്തിന്റെ പേരുപറഞ്ഞ് ധനം, ഭക്ഷണം, വസ്ത്രം എന്നിവയ്ക്കായി പണം പിടുങ്ങുന്ന ബ്രഹ്മണർ.

ഫലം: ഇവർക്ക് കടുത്ത രീതിയിൽ പിത്തകോപം, മൂലം അസുഖങ്ങളുണ്ടാകും. കടുത്ത ദന്തരോഗങ്ങൾ ബാധിക്കും. അന്ധതയുമുണ്ടാകും.

കർമ്മം: അതിപാരുഷ്യത്തോടെ കുട്ടികളെ ശാസിക്കുന്ന രക്ഷകർത്താക്കൾ, ആത്മീയജീവിതം ആഗ്രഹിക്കുന്ന മക്കളം നിർബന്ധിച്ച് ലൗകികത്തിലേക്ക് തിരിച്ചുവിടുന്ന വർ.

ഫലം: അവരുടെ ശ്വാസകോശത്തിന് കേടുണ്ടായി പലവിധ കടുത്ത രോഗങ്ങൾ ബാധിക്കും. കൂടാതെ തൊണ്ടമുള്ള്, ശ്വാസകോശത്തിൽ പഴുപ്പ്, ന്യൂമോണിയ തുടങ്ങിയ രോഗങ്ങൾ ബാധിക്കും.

ആഹൂതോ ഹി പരൈ രാജാ
ക്ഷാത്രധർമ്മമനുസ്മരൻ
ദീവ്യതേ പരകാമേന
തന്നഃകീർത്തികരം മഹത്.
(സദാപർവം 61–9)

പരിശുദ്ധമായ അഹിംസയുടെ മകുടോദാഹരണമാണ് ശ്രീകൃഷ്ണചരിതം. സംഗ്രാമഭൂമികളുടെ നടുവിലൂടെ കടന്നുപോയ ആ ജീവിതം അഹിംസക്കു മാതൃകയാകുന്നത് എങ്ങനെയെന്ന് ചിലരെങ്കിലും ചോദിച്ചേക്കാം. അഹിംസയെന്നത് കേവലം കൊല്ലാതിരിക്കലല്ല. ആണെന്നു വാദിച്ചാൽ പ്രത്യക്ഷരം പ്രാവർത്തികമാക്കാവുന്ന ഒരു ആദർശമല്ല അതെന്നു സമ്മതിക്കേണ്ടിവരും. നമ്മുടെ ഓരോ ശ്വാസത്തിലും അനേകം സൂക്ഷ്മജീവികളുടെ മരണം ഉണ്ടാകുമെന്നുറപ്പാണ്.ഓരോ ഉരുളച്ചോറിലും അനേകം സസ്യങ്ങളുടെ ജീവൻ ബലികഴിക്കപ്പെട്ടിട്ടുണ്ട് ശ്വസിക്കാതെ, ഭക്ഷണം കഴിക്കാതെ, ഇരുന്നിടത്തുനിന്നിളകാതെ ആർക്കെങ്കിലും ജീവിക്കാനാകുമോ? സൂക്ഷ്മാണുക്കളുടെ ആക്രമണത്തെ ചെറുക്കുന്ന നൈസർഗ്ഗികമായ പ്രതിരോധ സംവിധാനം ശരീരത്തിനു വേണ്ടെന്നു വയ്ക്കാൻ

ശ്രീകൃഷ്ണൻ എന്ന ധർമപ്രതീകം

ഡോ. പുജപ്പുര കൃഷ്ണൻ നായർ

സാധിക്കുമോ? പ്രകൃതിയുടെ ഈ നിയമങ്ങൾ ലംഘിക്കാൻ ആരും ശക്തരല്ല.ഈ മഹാസത്യം മനസ്സിലാക്കിയവരാണ് നമ്മുടെ ആചാര്യന്മാർ. കൊല്ലാതിരിക്കലാണ് അഹിംസയെന്നു വിശ്വസിക്കാൻ തക്കവണ്ണം വിഡ്ഢികളായിരുന്നില്ല അവർ. പിന്നെ എന്താണഹിംസ? അതു മാനസികമായ ഒരു ഭാവവിശേഷമാണ്; ഈ പ്രപഞ്ചത്തിലെ ഓരോ അണുവിനോടുമുള്ള സാത്വിക പ്രേമത്തിൽ നിന്ന് അങ്കുരിക്കുന്ന ഭാവവിശേഷം. അതിൽനിന്നുണ്ടാകുന്ന ചിന്തകളും പ്രവർത്തികളും കൂടി അഹിംസ എന്ന് അറിയപ്പെടും ഹിംസ ഇതിനു കടകവിരുദ്ധമാണ്. കാമക്രോധാദികളാൽ ആവിഷ്ടമായ ഹൃദയത്തിന്റെ അവസ്ഥയും തജ്ജന്യമായ ചിന്തകളും കർമ്മങ്ങളുമാണത്. ഹിംസയും അഹിംസയും വേർതിരിയുന്നത് ഭൗതികതലത്തിലല്ല; മാനസിക ഭാവങ്ങളുടെ മണ്ഡലത്തിലാണ്. ഭാവനയുടെ ഭേദമനുസരിച്ച് ഒരേ കർമ്മം ഹിംസയോ അഹിംസയോ ആയി മാറും. ഡോക്ടറും കൊലയാളിയും മനുഷ്യശരീരത്തിൽ കുത്തിവയ്ക്കുമെങ്കിലും അവരുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് ധ്രുവങ്ങളുടെ അന്തരമുണ്ടെന്നതിനാൽ ഡോക്ടറുടെ പ്രവൃത്തി അഹിംസയും മറ്റേത് ഹിംസയുമായിത്തീരുന്നു.

ശ്രീകൃഷ്ണന്റെ ജീവിതത്തിൽ ഓരോ നേരിയ സ്പന്ദവും ഉദാത്തമായ പ്രേമഭാവത്തിന്റെ സാന്ദ്രസംഗീതത്തിൽ നിന്നു പിറന്നതാണ്. സമസ്ത ജീവരാശിയെയും സമുദ്ധരിക്കുകയായിരുന്നു കർമ്മനിരതമായ ആ ജീവിതത്തിന്റെ ലക്ഷ്യം. അദ്ദേഹത്തിന്റെ ഓരോ വാക്കിലും നോക്കിലും ചലനത്തിലും അണമുറിച്ചൊഴുകുന്ന പ്രേമവായ്പിന്റെ തരംഗമാലകൾ അനുഭവിക്കാനാകും. പടക്കളത്തിന്റെ നടുവിലും ഇതിനു മാറ്റമില്ല. ലോകനന്മയ്ക്കു വേണ്ടിയായാൽ പോലും സമാധാനത്തിന്റെ മാർഗ്ഗങ്ങളെല്ലാം അടയുകയും സാഹചര്യം അനിവാര്യമാക്കുകയും ചെയ്യുമ്പോൾ മാത്രമേ അദ്ദേഹം ആയുധം തൊട്ടിട്ടുള്ളൂ. അതും ആവശ്യമുള്ളിള്ളടത്തോളം മാത്രം. വിപക്ഷ്യനു നേരെ ആഞ്ഞടിക്കുന്ന നിമിഷത്തിൽ പോലും കൃഷ്ണന്റെ ഹൃദയത്തിൽ വിദ്വേഷത്തിന്റെ ഭാവന മുളയ്ക്കാറില്ല. അദ്ദേഹത്തിൻരെ ശസ്ത്രക്രിയ ധാർമ്മികാധഃപതനത്തിൽ നിന്നു എതിരാളിയെപ്പോലും കരകയറ്റുന്ന രീതി നേരത്തെ ഉപപാദിച്ചതാണല്ലോ. അധികാരമോ കീർത്തിയോ നേടാനുള്ള ആശയുടെ പരമാണുപോലും തീണ്ടാത്ത കൃഷ്ണന്റെ പ്രവൃത്തികൾ ലോകത്തിന് എന്നെന്നും അഹിംസയുടെ മാതൃകയായിരിക്കും.

പ്രവൃത്തിക്കു പ്രവർത്തിക്കൂ ഇതാണ് ശ്രീകൃഷ്ണന്റെ സിംഹനാദം. അകർമ്മണ്യത വിനാശത്തിന്റെ ബീജമാണ്. വിനിപാതമൊഴിവാക്കാൻ സ്വധർമ്മാനുഷ്ഠാനം പോലൊരു ഔഷധമില്ല. എങ്ങനെയുള്ള സ്വധർമ്മാനുഷ്ഠാനം? യജ്ഞഭാവനയോടെ ചെയ്യപ്പെടുന്നത്. അതു ബന്ധകരണമായ വാസനകളെ (ക്രമേണ അസ്തമൂലമാക്കി മോക്ഷത്തിനു കളമൊരുക്കുന്നു. സ്വാർത്ഥമോഹങ്ങളുടെ കറപുരളാതെ, കർമ്മങ്ങളെ പവിത്രമാക്കി ശരീരം, മനസ്സ്, ദ്രവ്യം, പരിസരം, അന്തരീക്ഷം എന്നിവയെ വിമലീകരിച്ച് യജ്ഞഭാവന ജീവിതത്തെ മഹത്തായ ആരാധനയാക്കി മാറ്റുന്നു. കരണശുദ്ധിയും, ഉദ്ദേശശുദ്ധിയും. ചിത്തൈകാഗ്രതയും കൊണ്ട് കർമ്മം ലക്ഷ്യപ്രാപ്തിക്കു സമർത്ഥമായി തീരുന്നതും അപ്പോൾ മാത്രമാണ്. യജ്ഞഭാവനയോടെ കർമ്മം ചെയ്യാനുള്ള ആഹ്വാനമാണ് ശ്രീകൃഷ്ണന്റെ ജീവിതം കർമ്മങ്ങൾ കൊണ്ടുനേടാനായി അദ്ദേഹത്തിനു യാതൊന്നും തന്നെ ഉണ്ടായിരുന്നില്ല. എങ്കിലും കർമ്മങ്ങൾ ഒഴിഞ്ഞൊരു നിമിഷം ആ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഉദാത്തമായ യജ്ഞഭാവന ആ പ്രവൃത്തികളെ മുഴുവൻ പ്രോജ്ജ്വലിപ്പിച്ച് ദ്വാപരയുഗത്തെ ഗ്രസിച്ചിരുന്ന തമോവൃത്തിയെ ഉച്ചാടനം ചെയ്തു.

അതെ, ധർമ്മത്തിന്റെ പ്രതീകമാണ് ശ്രീകൃഷ്ണൻ. ഉപനിഷത് സന്ദേശത്തിന്റെ മൂർത്ത പ്രകാശനമാണ് ആ ജീവിതം. സഹസ്രാബ്ദങ്ങളിലൂടെ കടന്നു വരുന്ന ആ സത്കഥ ഭാരതത്തിന്റെ ആത്മചൈതന്യത്തെ എക്കാലവും പ്രോജ്ജ്വലിപ്പിച്ചു കൊണ്ടുതന്നെ വിളങ്ങും.

(അവസാനിച്ചു)

സനാതന ധർമ പരിചയം

എം.ശൂലപാണി

(തുടർച്ച)

ഇതുകാരണം മാർഗ്ഗത്തെ തന്നെ ലക്ഷ്യമായി കരുതി, മാനസവികാസം സാധിക്കാതെ മുരടിച്ചുപോവുന്ന ദയനീയകാഴ്ച നാം കാണുന്നുവല്ലോ. അന്യതയുടെ അഭാവമാണ് അന്തിമലക്ഷ്യം, അതിനു സഹായിക്കേണ്ട മൂർത്തിപൂജ പലപ്പോഴും, തടസ്ഥമായിത്തീരുന്നു. പ്രതികത്തെ പാകത വരുമ്പോൾ പരിത്യജിച്ച് പരമാർത്ഥത്തെ സ്വീകരിക്കണം. എന്താണ് ഈ പാകതവരുക എന്നതിന്റെ അർത്ഥം? മനുഷ്യമനസ്സിന് ആദ്യമൊക്കെ വ്യക്തവും സ്ഥൂലവുമായ ഭിന്നങ്ങളുമായ വസ്തുക്കളെ അറിയാനേ പറ്റൂ. സാത്വിക ആഹാരം, സജ്ജനസംസർഗ്ഗം, മുതലായവയാൽ ക്രമത്തിൽ മനസ്സ് ശുദ്ധമാക്കണം. ആഗ്രഹങ്ങൾ അകലലാണ് ഈ മനഃശുദ്ധി. ശുദ്ധമായ മനസ്സ്കൊണ്ടേ മനോജയം സാദ്ധ്യമാവൂ. ഇന്ദ്രിയങ്ങളെ ജയിക്കലാണ് മനോജയം. അടുത്ത പടിയാണ് മനോവിസ്താരം കാണുന്നതെല്ലാം വാസുദേവനാണെന്ന അനുഭവം വരൽ. ഏകതത്ത്വത്തോടെ വളർച്ചയുടെ അതിരിൽ എത്തി, പൂർണ്ണതയായി. ഇതാണ് പാകംവരൽ. ഇത് ഹിന്ദുമതത്തിന്റെ പ്രത്യേകതയാണോ? അതേ, ഒട്ടുമുക്കാലും അങ്ങിനെയാണ് വേദാന്തം പ്രാകൃത, മദ്ധ്യമ, ഉത്തമ, ദശകളെ ഉൾക്കൊള്ളുന്നു. തള്ളലല്ല, കൊള്ളലാണ് അതിന്റെ രീതി. അതിനാൽ അത് പൂർണ്ണ സത്യദർശനമാണ്. പരമശാന്തിയാണ് അതിന്റെ അന്തിമഫലം. 13 മറ്റു മതസ്ഥരുടെയും ലക്ഷ്യം ശാന്തിയല്ലേ? അതേ. പക്ഷേ മാർഗ്ഗം, അവിടെവരെ എത്തുന്നില്ല. അവർ വഴിയിലെ ഒന്നാമത്തെ താവളമായ മൂർത്തിപൂജയെ പ്രത്യക്ഷത്തിൽ അംഗീകരിക്കാതെ പരോക്ഷമായി അതിൽ ചെന്നുചാടുന്നു. മദ്ധ്യമമായ ഈശ്വരനും ഈശ്വരോപാസകനും എന്ന ദൈത്യം അവർക്കും സമ്മതമാണ്. അതും കടന്ന് "താൻ തന്നെയാണ് ഈശ്വരൻ" 'തത്വമസി' എന്നത് പറയാൻതന്നെ പ്രയാസപ്പെടുന്നു. പിന്നെ അനുഭവത്തിന്റെ കാര്യം പറയേണ്ടതില്ലല്ലോ. അങ്ങിനെ മാർഗ്ഗത്തിന്റെ മദ്ധ്യത്തിൽപെട്ട്, പൂർണ്ണദർശനമില്ലാതെ, നിത്യശാന്തി മരുമരീചികപോലെ എന്നും അങ്ങ് അകലേ, അയിത്തീരുന്നു. ഹിന്ദു പൂർണ്ണസത്യം കണ്ടു എന്നതിന് എന്താണ് തെളിവ്? അതിന്റെ സർവ്വോത്തമമായ തെളിവാണ് അനാദികാലം മുമ്പ് ഋഷി ദർശിച്ച മന്ത്രം. "ഏകം സത്ത് വിപ്രാ ബഹുധാവദന്തി" സത്യം ഒന്നുമാത്രം ജ്ഞാനികൾ അതിനെ പല പേരുകളിലും പറയുന്നു. ഇത്ര മഹത്തായ ഒരു കണ്ടുപിടിത്തം ലോകം ഇതുവരെ കണ്ടിട്ടില്ല. ഇനി ഒട്ടും കാണുവാനും പോകുന്നില്ല. എല്ലാം ഒന്നിൽ ലയിച്ചാൽ പിന്നെ അതിൽനിന്നു വിട്ട് ആർ എന്തിനെ കണ്ടുപിടിക്കും? അതുകൊണ്ട് ഹിന്ദുവിന് രാമനും കൃഷ്ണനും കൃസ്തുവും മുഹമ്മദും പേരുകളാണ്; ഒന്നായ ബ്രഹ്മത്തിന്റെ, അതിനാൽ കലഹത്തിനു ഇടമില്ല. വെള്ളം, പാനി, ജലം, വാട്ടർ എന്തായാലും കൊള്ളാം വസ്തു ഒന്നുമാത്രം. വിവരമില്ലാത്ത വിപരീതബുദ്ധികൊണ്ട് വിനാശം മാത്രം ഫലം. ഈ ഏകതലദർശനത്തിന്റെ അഭാവം നിമിത്തം, അജ്ഞതകൊണ്ട് മതപരിവർത്തനത്തിന്റെ പേരിൽ അന്യമതസ്ഥരോടു മാത്രമല്ല, ഒരേ മതവിശ്വാസികൾ തന്നെ പരസ്പരം ഭിന്നിച്ച് കലഹിക്കുന്നത് കണ്ണുള്ളവർക്കൊക്കെ പരക്കേ കാണാവുന്നതല്ലേ. അശാന്തിയുടെ വിത്തായ അന്യതാനിലനിർത്തി ശാന്തി കൈവരുത്താം എന്നു കരുതുന്നതിൽ കവിഞ്ഞ മൂഢത മറ്റെന്താണുള്ളത്? ഹിന്ദു മത

പരിവർത്തനത്തിൽ വിശ്വസിക്കുന്നില്ലേ? ഇന്നു നാം കണ്ടുവരുന്ന സമ്പ്രദായത്തിലുള്ള മതപരിവർത്തനം ഹിന്ദു സ്വീകരിക്കുന്നില്ല. വാസ്തവത്തിൽ ഇന്നു നടക്കുന്നത് മതപരിവർത്തനമല്ല. പേരിന്റെ പരിവർത്തമാണ്. പൊരുളിൽ മാറ്റം വന്നു കാണുന്നില്ല. ഹിന്ദുവിന്റെ മതഃപരിവർത്തനത്തിന്റെ ക്രമമാണ് മനഃശുദ്ധി, മനോജയം, മനോവിസ്താരം. ഇതു സമ്പാദിക്കേണ്ടതാണ്. പരപ്രേരണയും പ്രലോഭനങ്ങളും ഇതിനെ അലങ്കോലപ്പെടുത്തുകയേ ഉള്ളൂ. സംഖ്യവർദ്ധനയല്ല, ധർമ്മസംസ്ഥാപനമാണ് മതപരിവർത്തനം കൊണ്ടുണ്ടാവേണ്ടത്. മനഃശുദ്ധിക്ക് ആവശ്യമായ സാധനകൾ ഏവയാണ്? പ്രധാനമായി അഞ്ചെണ്ണമാണ്. അന സത്യം, ബ്രഹ്മചര്യം, അഹിംസ, അസ്തേയം, അപരിഗ്രഹം ഇവയാണ് ജീവിതശുദ്ധി ആഗ്രഹിക്കുന്ന സജ്ജനങ്ങൾ ജീവിതസമ്പാദനശുദ്ധിക്ക് മഹത്വം കണക്കാക്കുന്നത് ഇതിനാലാണ്. ഇന്ന് പ്രായേണ സ്വയം നല്ലവരെന്ന് അഭിമാനിക്കുന്നവർപോലും ജീവിതസമ്പാദ്യശുദ്ധി അത്യന്താപേക്ഷിതമാണെന്ന് കരുതുന്നില്ല. കട്ടും, കവർന്നും, കരിഞ്ചന്ത കൊണ്ടും പണം സമ്പാദിക്കുക, എന്നിട്ടതിൽ ഒരു ഭാഗം ദാനമോ, വഴിവാടോ നടത്തി ജീവിതശുദ്ധി നേടാം എന്നും കരുതിവരുന്നു. ഇതിലധികം പരമാബദ്ധം മറ്റൊന്നില്ല. മുമ്പുപറഞ്ഞ അഞ്ചു ഗുണങ്ങൾ പരസ്പരം ചേർത്ത കണ്ണികളുടെ ഒരു ചങ്ങലയാണ്; അഞ്ചും ചേർന്നാലെ കെട്ടാൻ എത്തൂ. ഒരു കണ്ണിപോയാൽ കണ്ണി പിടിക്കാം, കഴുത്തിലണിയാനൊക്കില്ല. കയ്യിലാവുമ്പോൾ ഭാരം, കഴുത്തിലായാൽ ചന്തം. ഈ ലോകത്തിലുള്ള സാധനങ്ങളെല്ലാം മനുഷ്യന്റെ ഭോഗത്തിനുവേണ്ടി ഉണ്ടാക്കിയതാണ് എന്നു പറയുന്നത് ശരിയാണോ? അല്ല, അങ്ങിനെ ആവാൻ തരമില്ല. ഒരിക്കൽ ഒരു കുട്ടി തന്റെ അച്ഛനോട് ചോദിച്ചു. പശു, ആട്, കോഴി എന്നിവയും മാവ്, പ്ലാവ് എന്നിമരങ്ങളും ഈശ്വരൻ സൃഷ്ടിച്ചത് നന്നായി, എന്നാൽ പാമ്പ്, തേള്, നരി, കരടി എന്നിവയും കാഞ്ഞിരക്കായ, കോളാമ്പിക്കായ മുതലായവയും ആവശ്യമില്ലാതെ എന്തിനാണ് ഉണ്ടാക്കിയത്? അച്ഛൻ പറഞ്ഞു. അവയെ ഉണ്ടാക്കിയതിന് ഒരു പ്രധാന ഉദ്ദേശ്യമുണ്ട്. മനുഷ്യന്റെ ഭോഗത്തിനു വേണ്ടിമാത്രം സൃഷ്ടിച്ചതല്ല ഈ പ്രപഞ്ചം എന്ന് മിഥ്യാപ്രമാണിയായ മനുഷ്യനെ ബോദ്ധ്യപ്പെടുത്തലാണ് അത്. ഈശ്വരന് ഒരു തെറ്റും പറ്റിയിട്ടില്ല. അഹംഭാവിയായ മനുഷ്യനാണ് തെറ്റുകാരൻ. ജീവിതശുദ്ധിക്ക് ആഹാരശുദ്ധി അത്യന്താപേക്ഷിതമാണോ? അതേ, ആഹാരശുദ്ധിയില്ലാതെ മനഃശുദ്ധി ഉണ്ടാവില്ല. സ്വാദിനല്ല പ്രണനാണ് ആഹാരം കഴിക്കുന്നത് എന്ന് അറിഞ്ഞാൽ രാജസതാമസ, ആഹാരങ്ങൾ തനിയെ വർജ്ജിക്കപ്പെടും. സാത്വിക ആഹാരം മാത്രമേ കഴിക്കൂ. ഇവയെ എങ്ങിനെ തിരിച്ചറിയാം? മെഴുക്കുള്ളത്, മധുരമുള്ളത്, രസം (സ്വതസിദ്ധമായത്) നശിക്കാത്തത് ഇവയൊക്കെ സാത്വിക ആഹാരമാണ്. ഫലമൂലാധികളും പാലും ഇതിൽപെടും. ആരോഗ്യം, പോഷണം, സന്തോഷം ഇവയാണ് ഫലം. രാജസ ആഹാരം, കയ്പ്, എരുവ്, പുളി, ഉപ്പ് ദാഹത്തെ വർദ്ധിപ്പിക്കുന്നത് നല്ല ചൂടുള്ളത് എന്നിവയും അതിന്റെ ഫലമായി ദുഃഖം, ശോകം, അനാരോഗ്യം എന്നിവയും വന്നുചേരും. പുളിച്ചത്, നരുച്ചത്, രസം നശിച്ചത്, പാകം ചെയ്തശേഷം വളരെ നേരം കഴിഞ്ഞ് പഴകിയത് ഇവ താമസ ആഹാരമാണ്. ആലസ്യം, മന്ദഗതി, മറവി, ഉറക്കം ഇവയാണ് ഫലം.

മാംസം കഴിക്കുന്നതിലെന്താ തെറ്റ്? പണ്ട് ഋഷികളും ശ്രീരാമനും മാംസം കഴിച്ചതായി പുരാണങ്ങളിലുണ്ട്. ശ്രീകൃഷ്ണഭഗവാന്റെ കാലത്താണ് ഇതിൽ മാറ്റം വന്നത്. മൃഗത്തെ കൊന്നുതിന്നാതെ, ഗോസേവയും അതൊന്നിച്ച് ഭക്ഷണപ്രശ്നം പരിഹരിക്കലും, സാധിക്കുമെന്ന്, തെളിയിച്ചു. മൃഗത്തെ അപേക്ഷിച്ച് മനുഷ്യന്റെ മഹത്വം അവന്ന് ഭ്രദയ അറിയാനും, ആചരിക്കാനും, ആവും എന്നതാണ്. ഒരു വിഭാഗം മൃഗങ്ങൾ സ്വഭാവേന, ഗത്യന്തരമില്ലാതെ, മാംസഭുക്കുകളാണ്. അവരെ ക്രൂരമൃഗങ്ങളെന്നു പറയുന്നു. അതുതന്നെ മനുഷ്യനെ തുടർന്നാൽ അവനിൽ അവനിൽ ക്രൂരതയല്ലാതെ മനുഷ്യത്വം എന്നങ്ങിനെ വളരും. വേണമെങ്കിൽ മാംസാഹാരം ഉപേക്ഷിക്കാൻ സാധിക്കുമെന്ന് ഭാരതത്തിലെ ഒരു വലിയ ജനവിഭാഗം തെളിയിച്ചിട്ടുണ്ട്. മാംസാഹാരത്തെ പുകഴ്ത്തുന്നത്, മനുഷ്യമഹത്വത്തിന്റെ കൊമ്പിൽ കോടാലി വെക്കുന്നതിനു തുല്യമാണ്. ശാസ്ത്രീയമായോ, പുരോഗമനമായോ അല്ല മാംസാഹാരം. പച്ചക്കറിയേക്കാൾ വില വളരെ കൂടിയ മാംസം കഴിക്കുന്നത്, തന്റെ സ്വാദിനുവേണ്ടി, സാധുജീവിയെ ദ്രോഹിക്കുന്നത് തെറ്റല്ല എന്ന പൊള്ളയായ വാദത്തെ അവലംബിച്ചാണ്. മനുഷ്യനുവേണ്ടിമാത്രം നിർമ്മിച്ചതല്ല ഈ പ്രപഞ്ചം എന്ന് പ്രത്യക്ഷത്തിൽ കാണിച്ചുതന്നിട്ടും മൃഗത്തെ വയറ്റിലാക്കുന്നത് വിവരക്കേടുകൊണ്ടുമാത്രമാണ്. പാശ്ചാത്യരാജ്യങ്ങളിലും ഹൃദയാലുക്കളായ മനുഷ്യർ സസ്യഭോജനത്തെ അംഗീകരിക്കുന്നു, ആചരിക്കുവാൻ യത്നിക്കുന്നു. മദ്യം കഴിക്കുന്നതിൽ അപാകത ഉണ്ടോ? ഉണ്ട്. മനുഷ്യന് ആനന്ദം, സമാധാനം, ശാന്തി ഇവ അധികരിക്കുന്നത് ബുദ്ധി തേജോമയമാവുമ്പോഴാണ്. ഹിന്ദുവിന്റെ ഗായത്രീ മന്ത്രം ബുദ്ധി തേജോഗോളമായ സൂര്യദേവനോടുള്ള പ്രാർത്ഥനയാണ്. വളരെ അർത്ഥവത്താണ് ഇത്. മറ്റൊരു മതത്തിലും ബുദ്ധി തേജോമയമാക്കുവാനുള്ള പ്രാർത്ഥന കണ്ടിട്ടില്ല. ഇതിനു വിപരീതമായി ബുദ്ധി മന്ദീഭവിച്ചാലും തല്ക്കാലത്തേക്ക് ആനന്ദാദികളുടെ ഒരു ആഭാസം (തോന്നൽ) വരും, അതാണ് ലഹരി പദാർത്ഥങ്ങൾ ചെയ്യുന്നത്.

തുടരും.....